## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 1877

12.02.2013 ലെ മറുപടിക്ക്

**മാതൃഭാഷ മലയാളം പദ്ധതിയും ലാംഗ്വേജ് എക്സ്പർട്ട് തസ്തികയും**

ചോദ്യം

ശ്രീ.എ.എ.അസീസ് :
ശ്രീ.കോവൂർ കുഞ്ഞുമോൻ:

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർവ്വീസിൽ എത്ര ലാംഗ്വേജ് എക്സ്പർട്ട്(ഭാഷാ വിദഗ്ധൻ) തസ്തികയുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഔദ്യോഗിക ഭാഷാ വകുപ്പിൽ ഒരു ഭാഷാ വിദഗ്ദ്ധൻ തസ്തികയാണ് ഉള്ളത്. |
| (ബി) | പ്രസ്തുത തസ്തികയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | വകുപ്പുതല പദകോശം, ലിപി പരിഷ്കരണം, പുസ്തക പ്രസിദ്ധീകരണം എന്നിവ കൂടാതെ കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവയുടെ സൂക്ഷ്മ പരിശോധന, ഭരണഭാഷാ പുരസ്കാരങ്ങൾ, മലയാളം സോഫ്റ്റ്വെയർ നിർമാണം, ലൈബ്രറി, പരിഭാഷാ സെല്ലുകളുടെ പ്രവർത്തന പുരോഗതി അവലോകനം, നിയമസഭാ സമിതി സംബന്ധിച്ച ഫയലുകൾ, ഔദ്യോഗിക ഭാഷാ പരിശീലന പാഠ്യക്രമം തയാറാക്കൽ, നൂതനമായി ആവിഷ്കരിക്കുന്ന പദ്ധതികളിലെ ഭാഷാപരമായ വിഷയങ്ങൾ, വിവിധ വകുപ്പുകളിൽ മലയാളം വെബ്സൈറ്റിനായുള്ള ഭാഷാപരമായ സേവനം, ഭരണ ശബ്ദകോശം എന്നീ വിഷയങ്ങളിൽ ഭാഷാപരമായ അഭിപ്രായം നൽകുകയും ഭാഷാമാറ്റ പുരോഗതി അവലോകനം, പരിശോധന എന്നിവ നടത്തുകയും ചെയ്യുക. |

| | | | |
|---|---|---|---|
| (സി) | മാതൃഭാഷ മലയാളം പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് ഈ തസ്തികയുടെ എണ്ണം പര്യാപ്തമാണോ ; | (സി) | അപര്യാപ്തമാണ് എന്ന് അഭിപ്രായമില്ല |
| (ഡി) | സർക്കാർ കാര്യാലയങ്ങളിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കാൻ ജില്ലാതലത്തിൽ ലാംഗ്വേജ് എക്സ്പർട്ട് തസ്തിക സൃഷ്ടിച്ച് പരിശോധനയും വിലയിരുത്തലും കാര്യക്ഷമമാക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഭാഷാമാറ്റം സംബന്ധിച്ച പരിശോധനയും വിലയിരുത്തലും കാര്യക്ഷമമാക്കുന്നതിനായി അതത് വകുപ്പ്/ ജില്ലകളിലെ ആഭ്യന്തര പരിശോധന വിഭാഗങ്ങളെയും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ) വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതി (2011-14)-യുടെ 1-ാം റിപ്പോർട്ട് പ്രകാരം മാതൃഭാഷ മലയാളം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ